## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4473. 18.05.2017 -ലെ മറുപടിക്ക്.

### ആർ.എസ്.ബി.വൈ പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് നടപടി

ചോദ്യം

മറുപടി

ശ്രീ. അബ്ദുൽ ഹമീദ് പി. :

ശ്രീ. ടി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ സൗജന്യചികിത്സക്കായുള്ള ആർ. എസ് .ബി.വൈ പദ്ധതിയിൽ നിന്നും ആശുപത്രികൾ പിൻവാങ്ങുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ആർ. എസ് .ബി.വൈ പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാത്ത ആശുപത്രികളെ പദ്ധതിയിൽ നിന്നും പുറത്താക്കുന്നതിനും, ആർ.എസ്.ബി.വൈ പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കാത്ത ആശുപത്രികൾക്ക് സ്വമേധയാ പദ്ധതിയിൽ നിന്നും പിന്മാറുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്ത ആർ. എസ് .ബി.വൈ പദ്ധതിയിൽ സ്വാതന്ത്ര്യം ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ 385 ആശുപത്രികൾ പദ്ധതി പ്രകാരം സേവനം നൽകിയപ്പോൾ 2017-18 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ 490 ആശുപത്രികൾ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. |
| (ബി) ഏത് ഇൻഷുറൻസ് കമ്പനിയുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ; | (ബി) ഓരോ സാമ്പത്തിക വർഷവും ഇ-ടെൻഡർ വഴി തിരഞ്ഞെടുക്കുന്ന പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായ ഇൻഷ്വറൻസ് സേവന ദാതാക്കൾക്കാണ് പദ്ധതി നിർവഹണ ചുമതല നൽകുന്നത്. ഇപ്രകാരം 2017-18 സാമ്പത്തികവർഷം തിരഞ്ഞെടുത്തത് റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയെ ആണ്. |
| (സി) ആർ.എസ്.ബി.വൈ പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ: വ്യക്തമാക്കാമോ? | (സി) സ്വീകരിക്കുന്നുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 259.43 കോടി രൂപയുടെ സൗജന്യ ആരോഗ്യ ചികിത്സ സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി ആർ.എസ്.ബി.വൈ ഗുണഭോക്താകൾക്കു ലഭിച്ചു. പദ്ധതി സംസ്ഥാനത്തു നടപ്പാക്കിയത് മുതൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിനിയോഗിച്ച തുകയിൽ ഏറ്റവും മികച്ച പ്രകടനം ആയിരുന്നു ഇത്. |

| | |
|---|---|
| | ഈ വർഷം കൂടുതൽ ഗുണഭോക്താക്കളെ പദ്ധതിയിലേക്കു കൊണ്ടുവരാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു ആരോഗ്യ കാർഡ് പുതുക്കുന്നതിനും, വിതരണത്തിനും ഉള്ള സ്ഥിരം കേന്ദ്രങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. ഈ സാമ്പത്തിക വർഷം ആദ്യം തന്നെ പുതിയ ആശുപത്രികളെ പദ്ധതിയിലേക്ക് ആകർഷിക്കുവാൻ വേണ്ടി ജില്ലാ തല ശിൽപശാലകൾ സംഘടിപ്പിച്ചിരുന്നു. കൂടുതൽ ആശുപത്രികളെ പദ്ധതിയുടെ ഭാഗമാക്കാൻ ചിയാക് ക്രിയാത്മകമായി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ